14

# യാബേശിലെ പൗരന്മാർ സ്തോത്രം ചിത്രീകരിച്ചിരിക്കുന്നു (31:11-13)

ടെന്നസിയിലെ, നാഷ്‌വില്ലെയിലുള്ള ഒരു പടയാളിയുടെ കല്ലറക്കൽ ഒരു കർഷകൻ മുട്ടുകുത്തി നില്ക്കുന്നതു കണ്ടു. അതു അയാളുടെ മകന്റേതാണോ, എന്നു ചോദിച്ചതിനു, അയാൾ പറഞ്ഞു, ''അല്ല. അയാൾ ഞങ്ങളുടെ ടൗണിലാണ് താമസിച്ചിരുന്നത്. ഞാൻ അയാളുടെ കല്ലറ കാണുവാൻ വന്നതാണ്.'' നിരീക്ഷകൻ പറഞ്ഞു, ''ഒരുപക്ഷെ വരുവാൻ കഴിയാതിരുന്ന അയാളുടെ അപ്പനെ പ്രതിനിധീകരിച്ചു വന്നതായിരിക്കും?'' ''അതെ,'' അയാൾ പറഞ്ഞു, ഞാൻ ഇവിടെ വരുന്നതിൽ അയാളുടെ അപ്പന് സന്തോഷമേയുള്ളൂ, പക്ഷെ ഇപ്പോൾ ഞാൻ എനിക്കുവേണ്ടിയാണ് വന്നിരിക്കുന്നത്. എനിക്കു ഏഴു മക്കളുണ്ട്, അവരെല്ലാം കുട്ടികളാണ്, ഭാര്യ രോഗിയുമാണ്. ഞാൻ സൈന്യത്തിലേക്കു തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. കൃഷി നോക്കുവാൻ ആരുമില്ല, പകരം ആരെയെങ്കിലും ഏല്പിക്കുവാനും കഴിഞ്ഞില്ല. എനിക്കു മാസം കിട്ടുന്ന പതിമൂന്നു ഡോളർ കൊണ്ടു കുടുംബത്തെ പോറ്റുവാനും കഴിയുകയില്ല. ഞാൻ പോയാൽ, കുടുംബം കഷ്ടതയിലാകും. ഞാൻ പാളയത്തിൽ വിവരം കൊടുക്കേണ്ടതിന്റെ തലേദിവസം, അയൽക്കാരന്റെ മകൻ വന്നു എനിക്കു പകരം പട്ടാളത്തിലേക്കു യുദ്ധത്തിനു പോകാമെന്നു പറഞ്ഞു. കൂടാതെ അയാൾക്കു ആശ്രിതരായി മറ്റാരും ഇല്ലാത്തതുകൊണ്ടു അതു നന്നായിരിക്കും എന്നും പറഞ്ഞു. അയാൾ അങ്ങനെ യുദ്ധത്തിനു പോയി ഷിക്കാമൗഗ എന്ന സ്ഥലത്തു വെച്ചു വെടിയേറ്റു. അയാളെ നാഷ്‌വില്ലെയിലെ ഒരു ആശുപത്രിയിൽ പ്രവേശിപ്പിക്കയും അവിടെ വെച്ച് അയാൾ മരിക്കുകയും ചെയ്തു. ഞാൻ അയാളുടെ കല്ലറ കണ്ടെത്തി.'' ആ കൃഷിക്കാരൻ ആ കല്ലറക്കൽ ഇങ്ങനെ എഴുതി, ''എനിക്കു വേണ്ടി മരിച്ചു.''

ദൈവത്തെ പിൻപറ്റുന്നവരിൽ ഉണ്ടാകേണ്ട ഏറ്റവും ഊഷ്മളമായ മനോഭാവമാണ് നന്ദി. ക്രിസ്ത്യാനികൾ നന്ദിയുള്ളവരായിരിക്കുവാൻ പുതിയനിയമത്തിൽ ഒരു പ്രാവശ്യമല്ല ധാരാളം പ്രാവശ്യം പറഞ്ഞിട്ടുണ്ട്.

> ... അതിന്നല്ലോ നിങ്ങൾ ഏകശരീരമായി വിളിക്കപ്പെട്ടുമിരിക്കുന്നതു; നന്ദിയുള്ളവരായും ഇരിപ്പിൻ (കൊലൊസ്യർ 3:15).

എല്ലാറ്റിനും സ്ത്രോത്രം ചെയ്വിൻ; ഇതല്ലൊ നിങ്ങളെക്കുറിച്ചു ക്രിസ്തു യേശുവിൽ ദൈവേഷ്ടം (1 തെസ്സലൊനിക്യർ 5:18).

എന്നാൽ, സകലമനുഷ്യർക്കും, നാം യാചനയും പ്രാർത്ഥനയും, പക്ഷ വാദവും സ്തോത്രവും, ചെയ്യേണം എന്നു ഞാൻ സകലത്തിന്നും മുമ്പെ പ്രബോധിപ്പിക്കുന്നു (1 തിമൊഥെയൊസ് 2:1).

ഈ കല്പനകൾ ഉണ്ടായിട്ടുപോലും, നന്ദിയുള്ള ഹൃദയങ്ങൾ കുറവാണെന്നതു നമ്മെ വേദനിപ്പിക്കുന്നു!

നന്ദിയുള്ള മനോഭാവം എപ്പോഴും നമ്മെ ത്രസിപ്പിക്കുന്നതാണ്. കാണുന്നവർക്കെല്ലാം സന്തോഷം ജനിപ്പിക്കുന്നതാണ് ''നിങ്ങൾക്കു നന്ദി'' എന്ന മനോഭാവം. ഗിലെയാദിലുള്ള-യാബേശുകാർ ആ മനോഭാവം പ്രകടിപ്പിക്കുന്നവരാണ്, അവരുടെ ആ നന്ദിയുള്ള മനോഭാവം 1 ശമുവേലിന്റെ അവസാനത്തിൽ കാണാം.

യോർദ്ദാൻ നദിയുടെ പടിഞ്ഞാറായി സ്ഥിതിചെയ്ത ഒരു ചെറിയ ടൗണായിരുന്നു യാബേശ്. യിസ്രായേലിലെ ഈ ഒരു ടൗൺ മാത്രമെ ബെന്യാമീൻ ഗോത്രത്തിനെതിരായ ആഭ്യന്തരയുദ്ധത്തിൽ പങ്കെടുക്കാതിരുന്നുള്ളൂ (ന്യായാധിപന്മാർ 20:13). ആ ഗോത്രം ഏതാണ്ട് നശിപ്പിക്കപ്പെട്ടപ്പോൾ, ബെന്യാമീനിലെ പുരുഷന്മാർ യാബേശിൽനിന്നു ഭാര്യമാരെ എടുത്തു ( ന്യായാധിപന്മാർ 21:8-15). അങ്ങനെ സുദീർഘവും ഏറ്റവും അടുത്തതുമായി ബന്ധം ഇവർ തമ്മിലുണ്ടായിരുന്നു. ശൗലിന്റെ ചില പിൻഗാമികൾ ഈ ടൗണിലുള്ളവർ ആകാനും സാധ്യതയുണ്ട്.

ആഭ്യന്തരയുദ്ധവും മിശ്രവിവാഹവും നടന്നു മുന്നൂറു വർഷങ്ങൾക്കു ശേഷം, ബെന്യാമീന്റെ തലസ്ഥാനമായ, ഗിൽബെയിലേക്കു ഒരു പ്രതിനിധിസംഘം വന്നു. അമോന്യനായിരുന്ന നാഹാശിന്റെ അന്ത്യശാസനത്തിൽ സഹായാഭ്യർത്ഥന അന്വേഷിക്കയായിരുന്നു പ്രതിനിധിസംഘം. യാബേശ് കീഴടങ്ങിയാൽ, പുരുഷന്മാരുടെ എല്ലാം വലതുകണ്ണു നാഹാശ് ചൂഴ്ന്നെടുക്കും. അങ്ങനെ അവരെല്ലാം യുദ്ധത്തിനു യോഗ്യരല്ലാതാകും കാരണം കവചം പിടിക്കേണ്ടതു ഇടതുകണ്ണിന്റെ ഭാഗത്തും കാണേണ്ടതു വലതുകണ്ണുകൊണ്ടുമായിരുന്നു. വലതുകണ്ണു മാറ്റപ്പെട്ടാൽ, അവർ യുദ്ധത്തിൽ ''അന്ധന്മാരായിരിക്കും.'' യാബേശ് കീഴടങ്ങിയില്ലെങ്കിൽ, നാഹാശ് നഗരത്തിൽ ഉപരോധം ഏർപ്പെടുത്തുകയും അവരെ എല്ലാം നശിപ്പിക്കയും ചെയ്യും.

ശൗൽ ഇതു കേട്ടപ്പോൾ ദൈവത്തിൽനിന്നു അവനു ധൈര്യം ലഭിക്കുകയും സൈന്യത്തെ കൂട്ടിച്ചേർക്കുകയും ചെയ്തു. വിജയം ലഭിക്കുകയും, ശൗലിന്റെ രാജസ്ഥാനം ഉറച്ചതാകുകയും ചെയ്തു.

യാബേശിന്റെ സംഭവം ഇവിടെ അവസാനിക്കുന്നില്ല. നാല്പതു വർഷം കഴിഞ്ഞപ്പോൾ, ശൗലിന്റെ വിജയം വർദ്ധിച്ചതിനോടൊപ്പം തന്നെ, അവന്റെ ശക്തിയും സ്ഥാനവും, അഹങ്കാരവും വർദ്ധിച്ചു. ആരംഭത്തിൽ അവനുണ്ടായിരുന്ന താഴ്മയെല്ലാം പോയി, അവനിൽ മതഭ്രാന്തും സ്വേഛാധിപത്യവും വളർന്നു. ഗിൽബോ പർവ്വതത്തിൽ വെച്ച് ശൗൽ മരിക്കുകയും, അതു ഫെലിസ്ത്യർക്കു അവരുടെ അന്യദേവന്മാരിൽ സന്തോഷിക്കുവാനുള്ള അവസരമാവുകയും ചെയ്തു (31:6-10). ശൗലിന്റേയും മക്കളുടേയും ശരീരങ്ങൾ അശുദ്ധമാകുവാൻ യാബേശ് അനുവദിച്ചില്ല. അവർ ധീരമായി ബേത്ത്ശാനിലേക്കു ചെന്നു, മൃതശരീരങ്ങൾ എടുത്തു, ശരിയായി മറവു

ചെയ്തു (31:11–13). ആ പട്ടണത്തെ ശ്രദ്ധേയമാക്കുന്നതു അവർ പ്രദർശിപ്പിച്ച നന്ദിയാണ്!

**സ്തോത്രം എന്ന മനോഭാവം**

ഗിലെയാദ്-യാബേശിലെ ഈ പൗരന്മാരിൽ നിന്ന്, സ്തോത്രം താഴെ കൊടുത്തിരിക്കുന്ന ഗുണങ്ങളിലൂടെ വ്യക്തമാകുന്നതായി നമുക്കു കാണാം.

*സ്തോത്രം വരുന്നതു ഓർക്കുന്നതിലൂടെയാണ് (11:11).* ശൗൽ യാബേശിനെ സഹായിച്ചിട്ടു നാല്പതു വർഷം കഴിഞ്ഞു, എന്നാൽ അവന്റെ പ്രവൃത്തി യാബേശുകാരുടെ ഉള്ളിൽ താലോലിച്ചുകൊണ്ടിരുന്നു. ഇന്നു അധികം പേരും തെറ്റുകൾ ഓർമ്മിച്ചു വെക്കുകയും ദയാപുരസരം ചെയ്ത നല്ല പ്രവൃത്തികളെ മറക്കുകയുമാണ് പതിവു! നമ്മുടെ ഗുണത്തിനുവേണ്ടി ആരെങ്കിലും എന്തെങ്കിലും സൽപ്രവൃത്തി ചെയ്താൽ, തിരിച്ച് ഒരു ''നന്ദി'' വാക്ക് പറയുവാൻ നാം മറക്കരുത്. നല്ല സഹോദരന്മാർ നമ്മെ സഹായിക്കുമ്പോൾ നന്ദി കരേറ്റുവാൻ നാം കടപ്പെട്ടിരിക്കുന്നു:

> എന്റെ പ്രാർത്ഥനയിൽ, രാവും പകലും ഇടവിടാതെ നിന്നെ സ്തു തിച്ചു നിന്റെ കണ്ണുനീർ ഓർത്തും നിന്നെ കണ്ടു സന്തോഷപൂർണ്ണനാകുവാൻ വാഞ്ഛിച്ചു, നിന്റെ നിർവ്യാജ വിശ്വാസം നിമിത്തം സ്തോത്രം ചെയ്യുന്നു, ... ആ വിശ്വാസം, ആദ്യം നിന്റെ വലിയമ്മ ലോവീസിലും, അമ്മ യുനീക്കയിലും ഉണ്ടായിരുന്നു, നിന്നിലും ഉണ്ടെന്നു ഞാൻ ഉറച്ചിരിക്കുന്ന ു
> (2 തിമൊഥെയൊസ് 1:3, 5).

> നിങ്ങളോടു ദൈവവചനം പ്രസംഗിച്ചു, നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ; അവരുടെ ജീവാവസാനം ഓർത്തു, അവരുടെ വിശ്വാസം അനുകരിപ്പിൻ (എബ്രായർ 13:7).

ദൈവത്തിൽനിന്നും അത്ഭുതകരമായ വരങ്ങൾ ലഭിച്ചതിനും നാം ദൈവത്തോടു നന്ദിയുള്ളവരായിരിക്കണം:

> യഹോവയുടെ ദയയോ, എന്നും എന്നേക്കും അവന്റെ ഭക്തന്മാർക്കും അവന്റെ നീതി മക്കളുടെ മക്കൾക്കും ഉണ്ടാകും, അവന്റെ നിയമത്തെ പ്രമാണിക്കുന്നവർക്കും, അവന്റെ കല്പനകളെ ഓർത്തു ആചരിക്കുന്നവർക്കും തന്നേ (സങ്കീർത്തനങ്ങൾ 103:17, 18).

> അവൻ ചെയ്ത അത്ഭുതങ്ങളും, അവന്റെ അടയാളങ്ങളും, അവന്റെ വായുടെ ന്യായവിധികളും ഓർത്തുകൊൾവിൻ (സങ്കീർത്തനങ്ങൾ 105:5).

*സ്തോത്രത്തിൽ നമ്മുടെ ഭാഗത്തുനിന്നുള്ള വ്യക്തിപരമായ പരിശ്രമവും ഉൾപ്പെടുന്നു (31:12).* യാബേശ് അപ്പോഴും തങ്ങളുടെ ജീവിതത്തെ സാഹസത്തിലാക്കിയിട്ടാണെങ്കിലും ശൗലിന്റെ ശരീരം തിരികെ കൊണ്ടുവരുവാൻ തീരുമാനിച്ചു. അവർ സ്വയ-ത്യാഗികളായിരുന്നു. പലപ്പോഴും സഹോദരന്മാർ നന്ദി കാണിക്കാതിരിക്കുവാൻ കാരണം അവർക്കു അതു കാണിക്കുവാനുള്ള പരിശ്രമം എടുക്കുവാൻ കഴിയുന്നില്ല എന്നതാണ്! നന്ദി കാണിക്കേണ്ടതാണ്!

*സ്തോത്രം ഉറച്ചതായിരിക്കണം, നിബന്ധനയോടുകൂടി ആകയുമരുത് (31:12).* ശൗലിന്റെ പൊതുസമ്മതം നഷ്ടമായി; അവന്റെ ജീവിതാവസാനത്തിൽ അവൻ ഒരു ഭ്രാന്തനായി അറിയപ്പെട്ടു. അവനെ നയിച്ചത് മതഭ്രാന്തായിരുന്നു. ആരംഭത്തിലെ രാജകീയ പദവിയുടെ കൊടുമുടിയിൽ നിന്നു അവൻ വീണുപോയി. വികലമായി, ജാതികളുടെ നിന്ദക്കിരയായി, ഛേദിക്കപ്പെട്ടവനായി, ശൗൽ മരിച്ചു എങ്കിലും, ആ ടൗൺ അവനോടു നന്ദി കാണിച്ചു! ഒരാളുടെ നിലവാരം നോക്കി നിബന്ധനയോടെ കാണിക്കേണ്ട ഒന്നല്ല സ്തോത്രം. ഒരാളുടെ കാണപ്പെട്ട തെറ്റുകൾ കണക്കിലെടുക്കാതെയാണ് അനുമോദിക്കേണ്ടത്. ഒരാൾ മറ്റൊരാളെ "ഇഷ്ടപ്പെടുന്നില്ല" എന്നതുകൊണ്ടു മാത്രം നന്ദി സൂചിപ്പിക്കാതിരിക്കുന്നതു എത്ര ഖേദകരമാണ്.

*സ്തോത്രം സമ്പൂർണ്ണമായിരിക്കണം (31:12, 13).* തങ്ങൾക്കു കഴിയുന്നതെല്ലാം യാബേശുകാർ ചെയ്തു. നാം സമ്പൂർണ്ണമായും നന്ദി പ്രകടിപ്പിക്കുന്നുണ്ടെന്നു ഉറപ്പാക്കണം. പരിശ്രമത്തിന്റെ "ഒരടയാളം" മാത്രം പോരാ.

*മൃദുല വികാരത്തെ വെളിപ്പെടുത്തുന്നതാണ് സ്തോത്രം (31:13).* ശൗലിന്റെ മരണത്തിൽ ദുഃഖമുള്ളവരായിരുന്നു ആ ടൗണിലുണ്ടായിരുന്നവർ. അവർക്കു അവനെ വളരെ ഇഷ്ടമായിരുന്നു എന്നു ആ വികാരത്താൽ വ്യക്തമാകുന്നു. ആഴമേറിയ വൈകാരിക അടുപ്പവും ബന്ധവുമാണ് സ്തോത്രം വെളിപ്പെടുത്തുന്നത് (ഒ.വാ. ഫിലിപ്പിയർ 4:18). ക്രിസ്ത്യാനികൾക്ക് അവരുടെ ഹൃദയങ്ങളിൽ സ്നേഹം ഉള്ളതുകൊണ്ടാണ് അവർ നന്ദി പ്രകടിപ്പിക്കുന്നത് (1 യോഹന്നാൻ 4:19–21).

*സ്തോത്രം സ്വാഭാവികമാണ് (31:12).* ഒരു പ്രത്യേക അഭ്യർത്ഥനയും നടത്തിയില്ല; കാഴ്ചയിൽ ഒരു പ്രതിഫലവുമില്ലായിരുന്നു. ആവശ്യപ്പെടാതെയാണ് ആളുകൾ മുന്നിട്ടിറങ്ങിയത്. അതാണ് സ്തോത്രത്തിന്റെ ''മുദ്ര" – ഒരാളെ നിർബ്ബന്ധിച്ച് നന്ദി പ്രകടിപ്പിക്കുവാൻ പ്രേരിപ്പിച്ചാൽ, അതിന്റെ മൊത്തം ഭാവവും നഷ്ടമാകും. നിർബ്ബന്ധപൂർവ്വമുള്ള സ്തോത്രത്തിൽ, സ്നേഹമല്ല ലക്ഷ്യമാക്കുന്നത്, ദൈവം അതിൽ പ്രസാദിക്കയുമില്ല!

അവരുടെ സ്തോത്രം സ്വാഭാവികമായി സ്നേഹത്തിൽനിന്നുണ്ടാവുകയും സേവനത്തിലൂടെ വ്യക്തമായി പ്രദർശിപ്പിക്കയും ചെയ്തു.

**ഒരു ശക്തമായ പാഠം ചൂണ്ടിക്കാണിച്ചിരിക്കുന്നു**

ഈ ചരിത്രപരമായ പ്രസ്താവനയിൽ നിന്നു സ്തോത്രത്തിന്റെ ഒരു പ്രധാനകാര്യം നമ്മെ കാണിച്ചിരിക്കുന്നു – അതു പ്രകടിപ്പിക്കാതെ നിശ്ശബ്ദമാക്കി വെച്ചാൽ, പ്രയോജനമില്ല!

1860–ൽ, മിഷിഗൺ തടാകത്തിൽ കൊടുങ്കാറ്റുള്ള ഒരു രാത്രിയിൽ, വശത്തു ചക്രങ്ങളുള്ള ഒരു സ്റ്റീം ബോട്ട് മയക്കത്താൽ കപ്പലിന്റെ നടുഭാഗത്ത് ഇടിച്ചു തകർന്നു. ഇല്ലിനോയിസിലെ, വിന്നേകാ കടൽത്തീരത്തു നിന്നു ഒരു മൈൽ അകലെയായി ബോട്ട് മുങ്ങിയപ്പോൾ, അതിലുണ്ടായിരുന്ന 393 യാത്രക്കാരിൽ 279 യാത്രക്കാരും മുങ്ങിപ്പോയി. നോർത്ത്വെസ്റ്റേൺ യൂണിവേഴ്സിറ്റിയിലെ ഒരു വിദ്യാർത്ഥിയായിരുന്ന എഡ്വേർഡ് സ്പെൻസർ ആയിരുന്നു, ആ ദുഃഖസംഭവത്തിലെ നായകൻ. സംഭവിച്ചതു തിരിച്ചറിഞ്ഞു, സ്പെൻസർ മിഷിഗൺ തടാകത്തിലെ തണുത്ത വെള്ളത്തിലേക്കു എടുത്തുചാടി മുങ്ങിക്കൊണ്ടിരുന്ന യാത്രക്കാരുടെ അടുക്കലേക്കു നീന്തി പോയി. അയാൾ ഒരാളെ കരയ്ക്കടുപ്പിച്ചിട്ട് ഉടനെ അടുത്തയാളെ കരയ്ക്കെത്തി

ക്കുവാൻ വെമ്പൽകൊണ്ടു. ആ രാത്രിയിൽ എഡ്വേർഡ് സ്പെൻസർ ഒറ്റയ്ക്കു-തന്നെ പതിനേഴു പേരെ രക്ഷപ്പെടുത്തി. എന്നാൽ അവന്റെ ആ നായകത്വത്തിനു അവൻ വലിയ വില കൊടുക്കേണ്ടിവന്നു. ആ സംഭവത്താലുണ്ടായ സംഘർഷം നിമിത്തം ബുദ്ധിഭ്രമം നേരിട്ടു അവനു ശേഷിച്ച കാലമൊക്കെ വീൽചെയറിൽ തന്നെ കഴിയേണ്ടിവന്നു. അയാളുടെ എൺപതാമത്തെ ജന്മനാളിൽ നടത്തിയ മുഖാമുഖത്തിൽ, ആ വിധിനിർണ്ണായകനാളിലെ ഓർമ്മിക്കത്തക്കതെന്താണെന്നു ആരോ ചോദിച്ചു. അതിന്നു അയാൾ പറഞ്ഞു, “ആ പതിനേഴുപേരിൽ ആരും തന്നെ ഒരിക്കലും വന്നു നന്ദി എന്ന ഒരു വാക്കു പോലും പറഞ്ഞില്ല.”

മറ്റുള്ളവരോടു നന്ദി പ്രകടിപ്പിക്കുന്നതിൽ നാം പരാജയപ്പെടുന്നു എന്നതു നമുക്കു സമ്മതിക്കാം. പലപ്പോഴും നന്ദിയുള്ളവരാണെന്നു നമുക്കു തോന്നുകയും നമ്മുടെ അനുമോദനം പ്രകടിപ്പിക്കുവാൻ ആഗ്രഹവും അനുഭവപ്പെടാം, എന്നാൽ നാം തോന്നിയ നന്ദി ഒരിക്കലും പ്രകടിപ്പിക്കാതെ നിശ്ശബ്ദരായിരിക്കും!

നമ്മുടെ ജീവിതത്തിലേക്കു നന്മ കൊണ്ടുവന്നവരെയും ആ നന്മയെയും ഓർമ്മിക്കുവാൻ നമുക്കു തീരുമാനിക്കാം. ആദ്യം തന്നെ ദൈവത്തോടു സ്തോത്രം ചെയ്യുവാൻ നമുക്ക് ഓർമ്മിക്കാം:

> യഹോവ എനിക്കു നന്മ ചെയ്തിരിക്കകൊണ്ടു, ഞാൻ അവന്നു പാടും (സങ്കീർത്തനങ്ങൾ 13:6).

> യഹോവ എന്റെ ബലവും എന്റെ പരിചയുമാകുന്നു; എന്റെ ഹൃദയം അവങ്കൽ ആശ്രയിച്ചു, എനിക്കു സഹായവും ലഭിച്ചു; അതുകൊണ്ടു എന്റെ ഹൃദയം ഉല്ലസിക്കുന്നു, പാട്ടോടെ ഞാൻ അവനെ സ്തുതിക്കുന്നു (സങ്കീർത്തനങ്ങൾ 28:7).

നമ്മുടെ കുടുംബാംഗങ്ങളോടും നമുക്കു നന്ദി പ്രകടിപ്പിക്കാം (അതായത്, രക്ഷകർത്താക്കൾ, മക്കൾ, വെല്ല്യപ്പന്മാരും വെല്ല്യമ്മമാരും); ദൈവത്തിന്റെ ഭവനമാകുന്ന, സഭയോടും അതിലെ അംഗങ്ങളോടും; നല്ല പ്രവൃത്തികൾ ചെയ്യുന്ന നമ്മുടെ സമൂഹത്തിലെ അംഗങ്ങളോടും നന്ദി പ്രകടിപ്പിക്കണം.

### ഉപസംഹാരം

നന്ദി എന്നതു പ്രകടിപ്പിക്കേണ്ട ഒരു ധാർമ്മിക കടമയാണ്. നന്ദി പ്രകടിപ്പിക്കാതിരിക്കുന്നതു പാപമാണ്. യാബേശുകാരുടെ നന്ദി കാണിക്കൽ നിങ്ങൾ വളർത്തിയെടുക്കുമ്പോൾ, നിങ്ങൾ സന്തോഷം നിറഞ്ഞ ഒരു അതിശയകരമായ വ്യക്തിയായി തീരും; നിങ്ങൾ ജീവിതം മുഴുവൻ ആസ്വദിക്കും; നിങ്ങൾക്കു കൂടുതൽ സ്നേഹിതന്മാരുണ്ടാകും; മറ്റുള്ളവർ നിങ്ങൾക്കു വേണ്ടി എന്തെല്ലാം ചെയ്യുന്നുവെന്ന് നിങ്ങൾ ശ്രദ്ധിക്കുവാൻ തുടങ്ങും; വാസ്തവത്തിലുള്ള സന്തോഷം നേടുന്ന പ്രയത്നത്തിൽ നിങ്ങൾ നിങ്ങളെ തന്നെ സമർപ്പിക്കുകയും ചെയ്യും! മറ്റുള്ളവരിൽനിന്നു വളരെയധികം സ്വീകരിച്ചിട്ട് അവരുടെ നന്മയെ മനസ്സിലാക്കാതിരിക്കുന്നതു എത്ര ഖേദകരമാണ്! ദയവായി നന്ദി പ്രകടിപ്പിക്കുവാൻ ഓർമ്മിക്കുക. അതു ഈ ആഴ്ച്ചയിൽ ചെയ്യുക! (1 തെസ്സലൊനിക്യർ 5:18).